**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 201

**09.12.2014**- ൽ മറുപടിക്ക്

## നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. എം.പി.വിൻസെൻറ് :<br>ശ്രീ. ആർ സെൽവരാജ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) "കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012" നടപ്പിലാക്കുന്നതിനായി കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലും രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന, നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ്സ് ഫണ്ട് രൂപീകരിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ സ്കീമിൽ ചേരുന്ന ആദ്യ വർഷം ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപസ് ഫണ്ടിലേക്ക് അയക്കേണ്ടതാണ്. തുടർന്നുള്ള വർഷം നിക്ഷേപ വർദ്ധനവിന് മേൽ പരാമർശിച്ച നിരക്കിൽ പ്രീമിയം അടയ്ക്കേണ്ടതുണ്ട്. കൂടാതെ സർക്കാരിനും |

ആവശ്യമാണെങ്കിൽ ടി ഫണ്ടിലേക്ക് സർക്കാർ വിഹിതം നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ ഗവൺമെന്റ് ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന പ്രത്യേക നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനു മാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽ നിന്നു റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

സഹകരണ സംഘങ്ങളിലെ നിക്ഷേപ ങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർ ഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ;

(സി) നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെ ഏത് തരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഏതെങ്കിലും കാരണത്താൽ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകൻ പ്രത്യേക വിഹിതങ്ങൾ ഒന്നും തന്നെ അടയ്ക്കേണ്ടതില്ല.

(ഡി) ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, നിക്ഷേപം സ്വീകരിക്കുന്നതും രജിസ്ട്രാരുടെ

ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ സഹകരണ സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങൾക്കാണ് നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ